കടലാക്രമണത്തെ തടയുവാൻ കൊട്ടങ്ങല്ലൂരിൽ ചെയ്യുവാൻ നിശ്ചയിച്ച പണി

*ക്ഷ വ്യ. (ര വ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കടലാക്രമണത്തെ തടയുവാൻ കൊട്ടങ്ങല്ലൂരിൽ പണിയുവാൻ നിശ്ചയിച്ച ഗ്രോയിൻ വർക്ക് ആവശ്യത്തിനു കരിങ്കല്ല് എത്ര ശേഖരിച്ചിട്ടുണ്ട്;

(ബി) അതിനു എന്തു ചിലവായി;

(സി) ആ പണി (വേല) എപ്പോൾ തുടങ്ങും?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) ചമ്പൻതുറ യൂണിറ്റ് കരിങ്കൽ ശേഖരിച്ചിട്ടുണ്ട്.

(ബി) ൻക്ഷ,ൻ വ വ്യ ഉദ്ദേശിക ചിലവായിട്ടുണ്ട്.

(സി) വേല കഴിയുന്നതും വേഗത്തിൽ തുടങ്ങുന്നതിനു നടപടി എടുക്കുന്നുണ്ട്.

സാട്ടാ കച്ചവടം

*ക്ഷ വ്യ ഒ. (ര ങ) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

എ മട്ടാഞ്ചേരിയിലെ സാട്ടാകച്ചവടം നിറുത്തലാക്കിയിട്ട എത്ര കൊല്ലമായി; ഇപ്പോൾ ആ കച്ചവടം അവിടെ തുടങ്ങിയിരിക്കുന്നതിന്റെ കാരണമെന്താണ്?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവുംവകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) വ—ന— ൻ ങ ം മുതൽ എണ്ണയും പിണ്ണാക്കും സംബന്ധിച്ചുള്ള സാട്ടാ കച്ചവടം നിരോധിച്ചിരിക്കുകയാണ്. ഇപ്പോൾ സാട്ടാ കച്ചവടം മട്ടാഞ്ചേരിയിൽ നടപ്പുള്ളതായി അറിവില്ല.

കമ്പനികൾ

*ക്ഷ വ്യ വ. (ങന) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു പുതിയതായി എത്ര കമ്പനികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ & ബി) ക്ഷ. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന പേരിൽ ഹൈസ് സ്പ്രീസ് മീറ്റർ ഉണ്ടാക്കുന്നതിനായി ഒരു കമ്പനി രജിസ്റ്റർചെയ്തിട്ടുണ്ട്.

ഫ. ആലുവായിൽ Monasite processing ആയി ഒരു ഫാക്ടറി തുടങ്ങുന്നുണ്ട്.

ന. കൊരട്ടിയിൽ Sewing thread ഉണ്ടാക്കുന്നതിനും, Safety Razar blades ഉണ്ടാക്കുന്നതിനും മണലും ചുണ്ണാമ്പുംകൊണ്ട് ഇഷ്ടിക ഉണ്ടാക്കുന്നതിനും ഓരോ കമ്പനികൾ തുടങ്ങുന്നതിനു ആലോചനകൾ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly